# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1905 — 22/01/2014-ലെ മറുപടിക്ക്

## അംഗപരിമിതർക്ക് പുനർനിയമനം നൽകാൻ നടപടി

**ചോദ്യം**

ശ്രീ. കുഞ്ഞമ്മത് മാസ്റ്റർ

**മറുപടി**

ശ്രീ. ഉമ്മൻ ചാണ്ടി
(ബഹുമാനപ്പെട്ട മുഖ്യമന്ത്രി)

**ചോദ്യം**

(എ) സർക്കാരിന്റെ നയപരമായ തീരുമാന പ്രകാരം മന്ത്രിസഭയുടെ അംഗീകാരത്തോടെ അംഗപരിമിതർക്ക് 16/08/99 മുതൽ 31/12/13 വരെ കാലയളവിൽ 179 ദിവസം താൽക്കാലികമായി ജോലി ചെയ്തിരുന്ന വസ്തുത കണക്കിലെടുത്ത് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർ നിയമനം നൽകുന്നതിന് 18/05/13, 07/08/13 എന്നീ തീയതികളിലെ ഉത്തരവുകൾ ഉണ്ടായിട്ടും കേരളാ ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഇതുവരെ അംഗപരിമിതർക്ക് പുനർനിയമനം നല്കി ഉത്തരവ് നല്കാത്തതുമൂലം മാസങ്ങളോളം ശമ്പളം നിഷേധിക്കപ്പെടുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനുള്ള കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത ബോർഡിൽ ഇപ്പോൾ നിലവിൽ ക്ലാസ് ഫോർ, ക്ലാസ് ത്രീ, ക്ലാസ് ടു എന്നീ തസ്തികകളിൽ ദിവസവേതന അടിസ്ഥാനത്തിലും കോൺട്രാക്ട് വ്യവസ്ഥയിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും ജോലി ചെയ്യു

**മറുപടി**

(എ) & (ബി) കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡിൽ ഇതുവരെ അംഗപരിമിതർക്ക് പുനർനിയമനം നൽകാത്തതു മൂലം മാസങ്ങളോളം ശമ്പളം നിഷേധിക്കപ്പെട്ടിട്ടില്ലാത്തതാണെന്ന് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് അറിയിച്ചിട്ടുണ്ട്.

(സി) കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലുള്ള ജീവനക്കാരെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലും, നിലവിൽ ബോർഡിലെ നിയമനത്തിനായി പി.എസ്.സി. ലിസ്റ്റ് നിലവിൽ

(....2)

| | | | |
|---|---|---|---|
| | വരുന്നവരുടെ പേര് വിവരവും നിയമന രീതിയും തസ്തികയും വിശദമാക്കാമോ ; | | ഇല്ലാത്ത സാഹചര്യത്തിൽ അത്യാവശ്യജോലികൾപൂർത്തീകരിക്കുന്നതിനായി ദിവസവേതനം നല്കി ആളുകളെ നിയോഗിക്കാറുള്ളതുമാണ്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും, ദിവസവേതനാടിസ്ഥാനത്തിലും ജോലി ചെയ്യുന്ന ജീവനക്കാരുടെ തസ്തികയും, പേര് വിവരവും അനുബന്ധം ആയി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) | പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അംഗപരിമിതർക്ക് അടിയന്തിരമായി നിയമന ഉത്തരവ് നല്കി, ഉത്തരവ് നടപ്പിലാക്കുന്നത് സംബന്ധിച്ച് തൊഴിലും പുനരധിവാസവും അഡീഷണൽ ചീഫ് സെക്രട്ടറി, കേരളാ ചുമട്ട് തൊഴിലാളി ക്ഷേമ നിധി ബോർഡിന് പ്രത്യേക നിർദ്ദേശം നല്കിയിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ; | (ഡി) & (ഇ) | നൽകിയിരുന്നു. 20/12/2013-ലെ 28140/എച്ച്3/13/തൊഴിൽ നമ്പർ സർക്കാർ കത്ത് പ്രകാരം ടി കത്ത് ലഭിച്ച് 30 ദിവസത്തിനുള്ളിൽ അംഗപരിമിതർക്ക് നിയമനം നൽകേണ്ടതാണെന്നുള്ള സർക്കാർ കത്ത് ചുമട്ടു തൊഴിലാളി ക്ഷേമബോർഡിൽ ലഭിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിൽ ആകെ 45 പേർക്ക് നിയമനം നൽകേണ്ടതിൽ 23 എൽ.ഡി. ക്ലർക്കുമാർക്കും, 17 ഓഫീസ് അറ്റൻഡന്റ്മാർക്കും 15.01.2014 തീയതിയിൽ ആകെ 40 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുള്ളതായി കേരള ചുമട്ടു തൊഴിലാളി ക്ഷേമബോർഡ് ചീഫ് എക്സിക്യൂട്ടീവ് അറിയിച്ചിട്ടുണ്ട്. |
| (ഇ) | പ്രസ്തുത കർശന നിർദ്ദേശം നൽകിയിട്ടും ബന്ധപ്പെട്ട ഉത്തരവിന്റെ വിശദാംശങ്ങൾ ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തി അനുകൂല തീരുമാനം സ്വീകരിച്ച് പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയ ബോർഡിലെ ജീവനക്കാർക്ക് എതിരെ നടപടി സ്വീകരിക്കുമോ ; | | |

(എഫ്) 07/08/13-ലെ ഉത്തരവിൻ പ്രകാരമുള്ള അംഗപരിമിതർക്ക് കേരളാ ചുമട്ട്തൊഴിലാളി ക്ഷേമനിധി ബോർഡിൽ പുനർനിയമനം ലഭിക്കുന്നതിന് വേണ്ടിയുള്ള പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ;

(ജി) പ്രസ്തുത അംഗപരിമിതർക്ക് അടിയന്തിരമായി പുനർനിയമന ഉത്തരവ് നല്കുന്നതിന് കേരളാ ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിന് കർശന നിർദ്ദേശം നൽകുമോ; വിശദമാക്കാമോ;

(എഫ്) ഉണ്ട്.
&
(ജി) 20/12/2013-ലെ 28140/എച്ച്3/13/തൊഴിൽ നമ്പർ സർക്കാർ കത്തിലെ നിർദ്ദേശത്തെ തുടർന്ന് കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിൽ ആകെ 45 പേർക്ക് നിയമനം നൽകേണ്ടതിൽ 40 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുള്ളതായി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള 5 പേർ സർട്ടിഫിക്കറ്റുകളുമായി ബോർഡിൽ ഹാജരാകാത്തതിനാൽ ടി ഉദ്യോഗാർത്ഥികൾക്ക് നിമയന ഉത്തരവ് നൽകിയിട്ടില്ല. ടി രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ബാക്കി 5 പേർക്കും കൂടി നിയമന ഉത്തരവ് നൽകുന്നതാണെന്ന് ചീഫ് എക്സിക്യൂട്ടീവ് അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**